


## ഡിജിറ്റൽ കാലത്തെ തപാൽ

കാലം മാറിയപ്പോൾ പോസ്റ്റ് ഓഫിസുകളുടെ സേവനം വൈവിധ്യവത്കരിച്ചതുകാരണം ഇന്നത് മറ്റു പല സേവനങ്ങളുടെയും കേന്ദ്രമായി മാറി. അതുകൊണ്ടുതന്നെ കത്തുകൾ അപൂർവമായെങ്കിലും പോസ്റ്റ് ഓഫിസുകൾ ഇന്നും സജീവമാണ്. ഡിജിറ്റൽ യുഗത്തിലും തപാൽ സംവിധാനങ്ങളുടെ പ്രാധാന്യം കുറഞ്ഞിട്ടില്ല. ഇന്ത്യയിൽ തപാൽ ജീവനക്കാരെ ഈ ദിനത്തിൽ ആദരിക്കുന്നു. ഒരാഴ്ച നീണ്ട വിവിധ പരിപാടികളും ഈ ദിവസം സംഘടിപ്പിക്കുന്നു.

സ്വർണ വില
1,09,680

MAJESTIC
JEWELLERS
Gold • Diamond • Silver
Tirur
Ph:9961 3000 31
ALL SUNDAY OPEN



അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളജിലെ ക്യാമ്പിനെത്തിയവർ

# റാഫിയ ഷെറിന് സ്റ്റെംസെൽ ദാതാവായെത്തിയത് ആയിരങ്ങൾ

» ക്യാമ്പ് ഇന്നും തുടരും

» ആദ്യ ദിവസം രജിസ്റ്റർ ചെയ്തത് ആറായിരത്തിലധികം പേർ

**അരീക്കോട്:** സിവിയർ അപ്ലാസ്റ്റിക് അനീമിയ ബാധിച്ച് ചികിത്സയിൽ കഴിയുന്ന പൂർവവിദ്യാർഥിനി റാഫിയ ഷെറിന് അനുയോജ്യമായ സ്റ്റെം സെൽ ദാതാവിനെ കണ്ടെത്താൻ അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളജ് സംഘടിപ്പിച്ച ബ്ലഡ് സ്റ്റെം സെൽ ഡോണർ രജിസ്ട്രേഷൻ ക്യാമ്പിനെത്തിയത് ആയിരങ്ങൾ.

വ്യാഴാഴ്ച രാവിലെ 7.30 മുതൽ തന്നെ നിരവധി പേരാണ് കോളജിലേക്ക് ഒഴുകിയെത്തിയത്. പരിശോധനക്കാവശ്യമായ കിറ്റ് കഴിഞ്ഞതോടെ ഉച്ചയോടെ പരിശോധന താൽക്കാലികമായി നിർത്തി. ക്യാമ്പ് വെള്ളിയാഴ്ച രാവിലെ 10 മുതൽ വീണ്ടും തുടരുമെന്ന് പ്രിൻസിപ്പൽ ഡോ. മുസ്തഫ ഫാറൂഖ് പറഞ്ഞു.

ആറായിരത്തിലധികം പേരാണ് ആദ്യദിവസം ക്യാമ്പിലെത്തിയത്. മൂലകോശ ദാതാക്കളുടെ പ്രമുഖ നെറ്റ്‌വർക്കായ ഡി.കെ.എം.എസ് ഇന്ത്യ ഫൗണ്ടേഷനുമായി സഹകരിച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഡി.കെ.എം.എസിന്റെ ചരിത്രത്തിലെ ഏകദിന ക്യാമ്പുകളിലെ ഏറ്റവും വലിയ പങ്കാളിത്തമാണ് കണ്ടതെന്ന് കോഓഡിനേറ്റർ യഹ്‌യ എൻ.വി പറഞ്ഞു.

വെള്ളി രാവിലെ 10 മുതൽ വൈകുന്നേരം ആറ് വരെയാണ് ക്യാമ്പ്. മഞ്ചേരി ആമയൂർ സ്വദേശിയായ റാഫിയയും ഭർത്താവും ലണ്ടനിലെ മാഞ്ചസ്റ്ററിലാണുള്ളത്. 2017 ൽ സുല്ലമുസലാം സയൻസ് കോളജിൽനിന്ന് ബിരുദപഠനം പൂർത്തിയാക്കിയ റാഫിയ 2019 ലാണ് ലണ്ടനിലേക്ക് തിരിച്ചത്. 18 മുതൽ 55 വയസ് വരെ പ്രായമുള്ള, മറ്റ് അസുഖങ്ങൾ ഇല്ലാത്തവർക്ക് രജിസ്റ്റർ ചെയ്യാം. ഇതിനകം ഏതെങ്കിലും സ്റ്റെം സെൽ ദാതൃ രജിസ്ട്രിയിൽ ചേർന്നവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. വിവരങ്ങൾക്ക്: 8075913219, 9447405900, 9387292943, 9446972155.

## വിവാഹവാഗ്ദാനം നൽകി പീഡനം; പ്രതി അറസ്റ്റിൽ



അലി അക്ബർ

**പരപ്പനങ്ങാടി:** വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിച്ച പ്രതി പിടിയിൽ. കണ്ണൂർ കാരകുണ്ട് പാനപുഴ കടന്നപ്പള്ളി സ്വദേശി അലി അക്ബറിനെയാണ് (36 ) പരപ്പനങ്ങാടി പൊലീസ് അറസ്റ്റ് ചെയ്തത്. വിവാഹബന്ധം വേർപ്പെടുത്തിയ യുവതിയെയാണ് വിവാഹം കഴിക്കാമെന്നും ആദ്യ വിവാഹത്തിലുള്ള മകളെ സംരക്ഷിക്കാമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് പ്രതി പീഡിപ്പിച്ച് ഗർഭിണിയാക്കുകയും മരുന്ന് നൽകി ഗർഭം അലസിപ്പിക്കുകയും ചെയ്തത്. തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടർ പ്രദീപിന്റെ നേതൃത്വത്തിൽ പരപ്പനങ്ങാടി എസ്.ഐ ജയപ്രകാശ്, സി.പി.ഒമാരായ അർജുൻ, ജാഫർ എന്നിവർ ചേർന്നാണ് പിടികൂടിയത്. പ്രതിയെ പരപ്പനങ്ങാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി തിരൂർ സബ്ജയിലിൽ റിമാൻഡ് ചെയ്തു.



ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ മെഡിക്കൽ സംഘം

# മഞ്ചേരി മെഡിക്കൽ കോളജിന് ചരിത്രനേട്ടം

» സങ്കീർണമായ നട്ടെല്ല് ശസ്ത്രക്രിയ വിജയകരം

**മഞ്ചേരി:** സാധാരണക്കാർക്ക് താങ്ങാനാവാത്ത ചെലവ് വരുന്ന അതിസങ്കീർണമായ നട്ടെല്ല് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രി. വർഷങ്ങളായി കടുത്ത നടുവേദനയും കാലുകൾക്ക് ബലക്കുറവും കാരണം കഷ്ടപ്പെടുകയും പലയിടങ്ങളിലും ചികിത്സ തേടി നിരാശരാവുകയും ചെയ്ത 69 വയസ്സുകാരി പദ്മിനിയാണ് മെഡിക്കൽ കോളജിലെ വിദഗ്ധ ചികിത്സയിലൂടെ സുഖം പ്രാപിച്ചത്. സ്വകാര്യാശുപത്രികളിൽ അഞ്ച് ലക്ഷത്തോളം രൂപ ചെലവ് വരുന്ന ടി.എൽ.ഐ.എഫ് (ട്രാൻസ്ഫോറാമിനൽ ലംബാർ ഇന്റർബോഡി ഫ്യൂഷൻ) എന്ന അതിസങ്കീർണ ശസ്ത്രക്രിയയാണ് പൂർണമായും സൗജന്യമായി ചെയ്ത് കൊടുത്തത്.

സർക്കാരിന്റെ കാസ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വലിയ തുകയുടെ ചികിത്സ ലഭ്യമാക്കിയത്. മെഡിക്കൽ കോളജ് ഓർത്തോപീഡിക്സ് വിഭാഗം മേധാവിയും സ്പൈൻ സർജനുമായ പ്രഫ. ഡോ. ബിന്ദുലാലാണ് ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. അനസ്തേഷ്യ വിഭാഗം മേധാവി ഡോ. ബഷീർ, ഓപറേഷൻ തിയറ്റർ ഹെഡ് നഴ്സുമാർ, നഴ്സിങ് ആൻഡ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരടങ്ങിയ വിദഗ്ധ സംഘമാണ് ദൗത്യത്തിൽ പങ്കാളികളായത്.

ആശുപത്രി സൂപ്രണ്ടിന്റെയും ജീവനക്കാരുടെ പൂർണ പിന്തുണയും മികച്ച ഏകോപനവുമാണ് ചരിത്രനേട്ടത്തിന് വഴിയൊരുക്കിയത്. ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. കെ. അബ്ദുൽ മജീദ്, ആശുപത്രി സൂപ്രണ്ട് ഡോ. എസ്.എ. ഹാഫിസ് എന്നിവർ അഭിനന്ദിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**മലപ്പുറം:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊന്നാനി, കേരളാധീശ്വരപുരം ഗവ. ഐ.ടി.ഐകളിൽ എംപ്ലോയബിലിറ്റി സ്കിൽസ് വിഷയം പഠിപ്പിക്കാൻ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കാനുള്ള അഭിമുഖം തിങ്കളാഴ്ച രാവിലെ 10ന് കോഴിക്കോട് സിവിൽ സ്റ്റേഷൻ ബി-ബ്ലോക്കിലെ ഉത്തര മേഖല ട്രെയിനിങ് ഇൻസ്പെക്ടറുടെ ഓഫിസിൽ നടക്കും. എം.ബി.എ, ബി.ബി.എ, ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ ഡിപ്ലോമ, ഡി.ജി.ടി സ്ഥാപനങ്ങളിൽനിന്നുള്ള എംപ്ലോയബിലിറ്റി സ്കിൽസിലെ ഹ്രസ്വകാല പരിശീലനം, രണ്ട് വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യത. പ്ലസ് ടു അല്ലെങ്കിൽ ഡിപ്ലോമ തലത്തിലോ അതിന് മുകളിലോ ഇംഗ്ലീഷ്/കമ്യൂണിക്കേഷൻ സ്കിൽസും അടിസ്ഥാന കമ്പ്യൂട്ടർ പഠനവും പൂർത്തിയാക്കണം. ഫോൺ: 0495-2371451.

## സെൻസസ്: രണ്ടാംഘട്ട പരിശീലനം 12 മുതൽ

**മലപ്പുറം:** ഭാരത സെൻസസിന്റെ രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് ജില്ല, ചാർജ് തല സെൻസസ് ഉദ്യോഗസ്ഥർ, ക്ലറിക്കൽ ജീവനക്കാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർക്കായി രണ്ട് ദിവസത്തെ പരിശീലനം നടക്കും. ഒക്ടോബർ 12 മുതൽ 15 വരെ ജില്ല പ്ലാനിങ് സെക്രട്ടറിയേറ്റിലെ മിനി കോൺഫറൻസ് ഹാളിലാണ് പരിശീലനം. ആദ്യ ബാച്ചിന്റെ പരിശീലനം ഒക്ടോബർ 12, 13 തിയതികളിലും രണ്ടാം ബാച്ചിന്റേത് ഒക്ടോബർ 14, 15 തിയതികളിലും നടക്കും. ലാപ്ടോപ്പ്, ചാർജർ, സ്മാർട്ട് ഫോൺ എന്നിവ കരുതണം.

## ഫുട്ബാൾ അക്കാദമി സെലക്ഷൻ ട്രയൽസ് 11ന്

**മലപ്പുറം:** മുത്തൂറ്റ് ഫുട്ബാൾ അക്കാദമിയിലേക്ക് കുട്ടികൾക്കായി സെലക്ഷൻ ട്രയൽസ് സംഘടിപ്പിക്കുന്നു. 11ന് ഞായറാഴ്ച രാവിലെ ഏഴിന് മോങ്ങത്തെ മുത്തൂറ്റ് ഫുട്ബാൾ അക്കാദമി ഗ്രൗണ്ടിലാണ് ട്രയൽസ്. ഫുട്ബാളിൽ താൽപര്യവും കഴിവുമുള്ള 2014 ൽ ജനിച്ചവർക്ക് പങ്കെടുക്കാം. ഫുട്ബാൾ കിറ്റുമായി നിശ്ചിത സമയത്ത് ഗ്രൗണ്ടിൽ എത്തണമെന്ന് മുത്തൂറ്റ് ഫുട്ബാൾ അക്കാദമി അധികൃതർ അറിയിച്ചു.



കേരള മുസ്‌ലിം ജമാഅത്ത് വെസ്റ്റ് ജില്ല മിഹ്റാബ് സമ്മേളനം സമസ്ത കേന്ദ്ര മുശാവറ അംഗം അഹമ്മദ് അബ്ദുല്ല അഹ്സനി ചെങ്ങാനി ഉദ്ഘാടനം ചെയ്യുന്നു

# മുസ്‌ലിം ജമാഅത്ത് മിഹറാബ് സമ്മേളനം

**കോട്ടക്കൽ:** നാടിന്റെയും സമൂഹത്തിന്റെയും സമഗ്ര പുരോഗതിക്ക് മഹല്ലുകളുടെ കൃത്യമായ വികസന കാഴ്ചപ്പാട് അനിവാര്യമാണെന്ന് കേരള മുസ് ലിം ജമാഅത്ത് വെസ്റ്റ് ജില്ല മിഹ്റാബ് സമ്മേളനം അഭിപ്രായപ്പെട്ടു. സമസ്ത കേന്ദ്ര മുശാവറ അംഗം അഹമ്മദ് അബ്ദുല്ല അഹ്സനി ചെങ്ങാനി ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഊരകം അബ്ദുറഹ്മാൻ സഖാഫി അധ്യക്ഷത വഹിച്ചു. കൂറ്റമ്പാറ അബ്ദുറഹ്മാൻ സഖാഫി, ചെറുശോല അബ്ദുൽ ജലീൽ സഖാഫി എന്നിവർ വിഷയാവതരണം നടത്തി.

സയ്യിദ് സൈനുൽ ആബിദീൻ ജീലാനി, ബഷീർ ഹാജി പടിക്കൽ, മുഹമ്മദ് ഹാജി മൂന്നിയൂർ, പി.കെ.എം സഖാഫി ഇരിങ്ങല്ലൂർ, പി.എസ്.കെ ദാരിമി എടയൂർ, വാരിയത്ത് മുഹമ്മദ് അലി അൻവരി, അബ്ദുൽ ഖാദിർ അഹ്സനി മമ്പീതി, അബ്ദുൽ ജബ്ബാർ ബാഖവി ഊരകം എന്നിവർ സംബന്ധിച്ചു. അബൂബക്കർ ബറക, ഒ. മുഹമ്മദ് കാവപ്പുര, മൊയ്തീൻ കുട്ടി ചെലേമ്പ്ര, ഇബ്രാഹിം വാരിയത്ത്, മുസ്തഫ ശുകപുരം, ഉമ്മർ ഹാജി പൊന്നാനി എന്നിവർ നേതൃത്വം നൽകി. സുലൈമാൻ ഇന്ത്യനൂർ സ്വാഗതവും സയ്യിദ് സലാഹുദ്ദീൻ ബുഖാരി നന്ദിയും പറഞ്ഞു.

# എ.എഫ്.ഡി.എം സൂപ്പർ ലീഗിന് നാളെ തുടക്കം

**മലപ്പുറം:** നാൽപതിലധികം ഫുട്ബാൾ അക്കാദമികളുടെ സംയുക്ത സംഘടനയായ അസോസിയേഷൻ ഫോർ ഫുട്ബാൾ ഡെവലപ്മെന്റ് മലപ്പുറം (എ.എഫ്.ഡി.എം) സംഘടിപ്പിക്കുന്ന സൂപ്പർ ലീഗ് സീസൺ-8 മത്സരങ്ങൾക്ക് ഈ മാസം 10ന് എടവണ്ണ സീതിഹാജി സ്റ്റേഡിയത്തിൽ തുടക്കമാകും. അണ്ടർ-14, അണ്ടർ-16, അണ്ടർ-18, അണ്ടർ-21 എന്നീ നാല് വിഭാഗങ്ങളിലായി 70ലധികം ടീമുകൾ മാറ്റുരക്കും. പങ്കെടുക്കുന്ന ടീമുകളെ നാല് സോണുകളായി തിരിച്ചാണ് മത്സരങ്ങൾ. മലപ്പുറം കോട്ടപ്പടി മുനിസിപ്പൽ സ്റ്റേഡിയം, എടവണ്ണ സീതി ഹാജി സ്റ്റേഡിയം, തിരൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയാണ് പ്രധാന വേദികൾ. ആദ്യ മത്സരത്തിൽ, അണ്ടർ-14 വിഭാഗത്തിൽ സലാല കാവനൂരും റെയിൻബോ ഫുട്ബാൾ അക്കാദമി മമ്പാടും ഏറ്റുമുട്ടും. 'കിക്കോഫ് ഹബ്' ആപ്ലിക്കേഷൻ പ്രകാശനവും നടന്നു. വാർത്തസമ്മേളനത്തിൽ പ്രസിഡന്റ് മുക്താർ വണ്ടൂർ, ജനറൽ സെക്രട്ടറി റഷീദ് കൊണ്ടോട്ടി, ട്രഷറർ ജാഫർ കാരകുന്ന്, സൂപ്പർ ലീഗ് ചെയർമാൻ റഷീദ് എടരിക്കോട് എന്നിവർ സംസാരിച്ചു.

## ഭിന്നശേഷി പുരസ്കാരത്തിന് അപേക്ഷിക്കാം

**മലപ്പുറം:** ഭിന്നശേഷി മേഖലയിലെ മികവുറ്റ പ്രവർത്തനങ്ങൾക്കും നേട്ടങ്ങൾക്കും സാമൂഹികനീതി വകുപ്പ് നൽകുന്ന സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങൾക്ക് നാമനിർദേശം ക്ഷണിച്ചു. 16 വിഭാഗങ്ങളിലായി 30 അവാർഡുകളാണ് നൽകുന്നത്. മികച്ച ഭിന്നശേഷി ജീവനക്കാർ, തൊഴിൽദാതാക്കൾ, സന്നദ്ധ സംഘടനകൾ, സർഗാത്മക കഴിവുള്ള കുട്ടികൾ, കലാ-സാഹിത്യ-കായിക മേഖലകളിൽ നേട്ടം കൈവരിച്ചവർ, ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ. ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അർഹരായവരെ നാമനിർദേശം ചെയ്യാം. നേരിട്ടുള്ള അപേക്ഷകൾ സ്വീകരിക്കില്ല. നഒക്ടോബർ 25നകം ജില്ല സാമൂഹികനീതി ഓഫിസിൽ നേരിട്ടോ തപാൽ മാർഗമോ ലഭ്യമാക്കണം. വിവരങ്ങളും അപേക്ഷാഫോമും വകുപ്പിന്റെ വെബ്സൈറ്റിലും (www.sjd.kerala.gov.in) ജില്ല സാമൂഹികനീതി ഓഫിസിലും ലഭ്യമാണ്. ഫോൺ: 0483 2735324.

## ആർ.ജെ.ഡി ജില്ല ക്യാമ്പ് ഇന്ന് മുതൽ

**വേങ്ങര:** രാഷ്ട്രീയ ജനതാദൾ ജില്ലാ ക്യാമ്പ് ഇന്നും നാളെയും വേങ്ങരയിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇരിങ്ങല്ലൂർ കുറ്റിത്തറമ്മൽ എ.എം.യു.പി സ്കൂളിലാണ് ക്യാമ്പ്. ഇന്ന് വൈകുന്നേരം നാലിന് പതാക ഉയർത്തും.

തുടർന്ന് ജില്ല സെക്രട്ടറിയേറ്റ് യോഗം നടക്കും. ശനിയാഴ്ച രാവിലെ 10 ന് പി.കെ. പ്രവീൺ എം.എൽ.എ ഉദ്ഘാടനം ചെയ്യും. വള്ളിൽ മുഹമ്മദ് കുട്ടി, എം. സിദ്ധാർത്ഥൻ, ശിഹാബ് ചെമ്പൻ, കെ.സി സൈതലവി, ശശി കടവത്ത് വാർത്താസമ്മേളനത്തിൽ പങ്കെടുത്തു

# സാക്ഷരത മിഷൻ തുല്യത കോഴ്സ്: രജിസ്ട്രേഷൻ 12 വരെ

**മലപ്പുറം:** സാക്ഷരതാ മിഷൻ നടത്തുന്ന നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തിയതി ഒക്ടോബർ 12ന് അവസാനിക്കും. ഹയർ സെക്കൻഡറി തുല്യതക്ക് പത്താം ക്ലാസ് ജയിച്ചവർക്കും ഹയർ സെക്കൻഡറി തോറ്റവർക്കും അപേക്ഷിക്കാം. പത്താം തരം തുല്യതക്ക് ഏഴാം ക്ലാസ് ജയിച്ചവർക്കും മുമ്പ് പത്താം ക്ലാസ് തോറ്റവർക്കും പഠനം പൂർത്തിയാക്കാത്തവർക്കും അവസരമുണ്ട്. ഏഴാം തരം തുല്യതക്ക് നാലാം ക്ലാസ് ജയിച്ചവർക്കും നാലാം തരത്തിന് നവസാക്ഷരർക്കും അപേക്ഷിക്കാം.

ഹയർ സെക്കൻഡറി തുല്യതക്ക് ചേരാൻ 22 വയസും പത്താം തരത്തിന് 17 വയസും പൂർത്തിയാകണം. ഉയർന്ന പ്രായപരിധിയില്ല. എസ്.സി, എസ്.ടി വിഭാഗങ്ങൾക്കും ഭിന്നശേഷിക്കാർക്കും അർഹമായ രേഖകൾ ഹാജരാക്കിയാൽ രജിസ്ട്രേഷൻ ഫീസ് മാത്രം നൽകിയാൽ മതിയാകും. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ വഴി കോഴ്സിന് ചേരുന്നവർ സെക്രട്ടറി നൽകുന്ന കത്ത് ഹാജരാക്കണം. ഫീസ് എസ്.ബി.ഐ ചലാൻ മുഖേനയാണ് അടക്കേണ്ടത്. പഠിതാക്കൾക്ക് സൗജന്യ പാഠപുസ്തകങ്ങളും അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസുകളും ലഭ്യമാക്കും. പത്താം തരം തുല്യത 10 മാസവും ഹയർസെക്കൻഡറി തുല്യത രണ്ട് വർഷവുമാണ്. വിവരങ്ങൾക്ക് മലപ്പുറം സിവിൽ സ്റ്റേഷനിലെ ജില്ല സാക്ഷരത മിഷൻ ഓഫിസുമായോ ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രേരക്മാരുമായോ ബന്ധപ്പെടണം. ഫോൺ: 0483 2734670, മൊബൈൽ: 7907918949, 9446630185, 9447537164.



'ജോഷ്' പദ്ധതിയുടെ ജില്ലതല ഉദ്ഘാടനം പെരിന്തൽമണ്ണ സബ് കലക്ടർ സാക്ഷി മോഹൻ നിർവഹിക്കുന്നു

# ജോഷ് പദ്ധതി ജില്ലതല ഉദ്ഘാടനം

**മഞ്ചേരി:** ക്ഷയരോഗ മുക്ത നാടിനായി രൂപവത്കരിക്കുന്ന 'ജോഷ്' പദ്ധതിയുടെ ആദ്യഘട്ട ജില്ലതല ഉദ്ഘാടനം പെരിന്തൽമണ്ണ സബ് കലക്ടർ സാക്ഷി മോഹൻ നിർവഹിച്ചു.

ക്ഷയരോഗമുക്ത പദവിക്ക് അർഹരായ പെരിന്തൽമണ്ണ, നിലമ്പൂർ നഗരസഭകൾക്കും എ.ആർ.നഗർ, വെട്ടം ഗ്രാമപഞ്ചായത്തുകൾക്കും ഫസബ് കലക്ടർ സാക്ഷി മോഹൻ ഉപഹാരം നൽകി. വേങ്ങര സീനിയർ ട്രീറ്റ്മെൻറ് സൂപ്പർവൈസർ പി.എ. പിഞ്ചു ക്ഷയരോഗ പ്രതിരോധ പ്രതിജ്ഞ ചൊല്ലി.

നഗരസഭ ആരോഗ്യസ്ഥിരം സമിതി അധ്യക്ഷ റിസ് വാന സാദിഖ് കൂളമഠത്തിൽ, കൗൺസിലർമാരായ മേച്ചേരി ഫാത്തിമ തസ്നി, പൂന്തോട്ടത്തിൽ നൗസിയ, മഞ്ചേരി മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. എസ്.എ. ഹാഫിസ്, ജില്ല മെഡിക്കൽ ഓഫിസർ ഡോ. വി. വിനോദ്, ജില്ല ടി.ബി ഓഫിസർ ഡോ. എൽ. ഷീനലാൽ, എൻ.എച്ച്.എം ജില്ല പ്രോഗ്രാം മാനേജർ ഡോ. കെ.എം. ജാനിഫ്, ഡ്രഗ് റസിസ്റ്റൻറ് ടി.ബി കോഓഡിനേറ്റർ ജേക്കബ് ജോൺ, എൻ.സി.സി നോഡൽ ഓഫിസർ ജോയേഷ് തുടങ്ങിയവർ പങ്കെടുത്തു.

AL SHIFA COLLEGE OF PHARMACY
(Approved by PCI, DME & Affiliated to KUHS)
Keezhattur, Perinthalmanna. Malappuram Dt, Kerala 679 325
D PHARM
(2026-27)
Applications are Invited for the Admission under Management Quota
Candidates to submit online application at www.alshifacollegeofpharmacy.ac.in on or before 13-10-2026
For more details visit www.alshifacollegeofpharmacy.ac.in
Contact 9446 052 598



ഫ്രറ്റേണിറ്റി കാമ്പസ് കാരവൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. സഈദ് ഉദ്ഘാടനം ചെയ്യുന്നു

## ഫ്രറ്റേണിറ്റി കാമ്പസ് കാരവന് തുടക്കം

**മലപ്പുറം:** കേന്ദ്രസർക്കാരിനും തെരഞ്ഞെടുപ്പ് കമീഷനും വിദ്യാർഥി-യുവജനങ്ങളുടെ രാജ്യവ്യാപക പ്രക്ഷോഭത്തിന് മുന്നിൽ മുട്ടുമടക്കേണ്ടിവരുമെന്ന് ഫ്രറ്റേണിറ്റി കാമ്പസ് കാരവൻ അഭിപ്രായപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. സഈദ് ഉദ്ഘാടനം ചെയ്തു. കാരവന്റെ ക്യാപ്റ്റൻ ജില്ല വൈസ് പ്രസിഡന്റ് സാബിറ ശിഹാബ്, സംസ്ഥാന സെക്രട്ടറി അൻവർ സലാഹുദ്ദീൻ, ജില്ല പ്രസിഡന്റ് വി.ടി.എസ്. ഉമർ തങ്ങൾ, സംസ്ഥാന കമ്മിറ്റി അംഗം സബീൽ ചെമ്പ്രശ്ശേരി, വെൽഫയർ പാർട്ടി ജില്ല വൈസ് പ്രസിഡന്റ് ബിന്ദു പരമേശ്വരൻ, ഫ്രറ്റേണിറ്റി ജില്ല ജനറൽ സെക്രട്ടറി അഡ്വ. അമീൻ യാസീർ എന്നിവർ സംസാരിച്ചു. ജില്ല സെക്രട്ടറിയേറ്റംഗങ്ങളായ ഷാറൂൺ അഹമ്മദ്, സമ ഈമാൻ, വി.കെ. ഇർഷാദ് എന്നിവർ നേതൃത്വം നൽകി.

## അറിയിപ്പ്

**മാന്യ മെമ്പർമാരെ,**

ഇസ്ലാമിക്ക് കൾച്ചറൽ അസോസിയേഷൻ വടക്കേകാട്, മെമ്പർമാരുടെ വാർഷിക പൊതുയോഗം 2026 ഒക്ടോബർ 25 ഞായറാഴ്ച 9:00 AM ന് ഐ.സി.എ സ്കൂൾ കോമ്പൗണ്ടിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

യോഗത്തിൽ പങ്കുകൊള്ളുവാൻ എല്ലാ മാന്യ മെമ്പർമാരെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

വടക്കേകാട് 08-10-2026 — എന്ന്, (ഒപ്പ്) ജനറൽ സെക്രട്ടറി

## ഓട്ടോറിക്ഷകൾക്ക് സബ്സിഡി

**മലപ്പുറം:** സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കാനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാനുള്ള വെബ്സൈറ്റ് സെപ്റ്റംബർ 25 മുതൽ പ്രവർത്തന സജ്ജമാണ്.

ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പേരിൽ രജിസ്റ്റർ ചെയ്ത ഒരു വാഹനത്തിന് മാത്രമേ സബ്സിഡി അനുവദിക്കൂ. ഫോൺ- 0483-2734924, 9188961710.



ജില്ല കോൺഗ്രസ് കമ്മിറ്റി മലപ്പുറത്ത് നടത്തിയ നൈറ്റ് മാർച്ച്

# രാജ്യത്ത് നടക്കുന്നത് രണ്ടാം സ്വാതന്ത്ര്യ സമരം -മന്ത്രി പി.സി. വിഷ്ണുനാഥ്

» മലപ്പുറത്ത് കോൺഗ്രസ് നൈറ്റ് മാർച്ച്

**മലപ്പുറം:** രാജ്യത്ത് നടക്കുന്നത് രണ്ടാം സ്വാതന്ത്ര്യസമരമാണെന്നും അതിന് നേതൃത്വം നൽകുന്നത് രാഹുൽ ഗാന്ധിയാണെന്നും അത് വിജയിച്ചേ തീരൂവെന്നും കെ.പി.സി.സി വർക്കിങ് പ്രസിഡന്റും മന്ത്രിയുമായ പി.സി. വിഷ്ണുനാഥ്. രാഹുൽ ഗാന്ധിയെയും മറ്റ് കോൺഗ്രസ് നേതാക്കളെയും അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ജില്ല കോൺഗ്രസ് കമ്മിറ്റി മലപ്പുറത്ത് നടത്തിയ നൈറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2029ൽ ഇന്ത്യയുടെ ജനാധിപത്യത്തെ തിരിച്ചുപിടിക്കാൻ പോകുന്ന അവസാന പോരാട്ടത്തിലേക്ക് കോൺഗ്രസ് കടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഡി.സി.സി പ്രസിഡന്റ് അഡ്വ. വി.എസ് ജോയ് അധ്യക്ഷത വഹിച്ചു. കെ.പി.സി.സി ജനറൽ സെക്രട്ടറി വി. ബാബുരാജ്, വി.എ കരീം, യു.ഡി.എഫ് ജില്ല ചെയർമാൻ കെ.പി അബ്ദുൽ മജീദ്, പി.സി.എ നൂർ, ഷാഹിദ് ആനക്കയം തുടങ്ങിയവർ സംസാരിച്ചു.

## വിപണി

### സ്വർണ വിലയിൽ മാറ്റമില്ല

കോഴിക്കോട്: സ്വർണ വിലയിൽ മാറ്റമില്ല. തങ്കത്തിനും വെള്ളിക്കും വില കുറഞ്ഞു

| | |
|---|---|
| സ്വർണം | 109680 |
| തങ്കം | 146300 |
| വെള്ളി | 224700 |

### മലപ്പുറം

| | |
|---|---|
| **പുലാമന്തോൾ അടക്ക** | |
| പുതിയത് | 39,000-43,500 |
| പഴയത് | 39,000-42,000 |
| രണ്ടാംതരം | 26,500-35,000 |
| **കിഴിശ്ശേരി അടക്ക** | |
| അടക്ക പുതിയത് | 35600-45100 |
| പഴയത് | 36700-44,500 |
| രണ്ടാംതരം | 19600 -32400 |
| **മലഞ്ചരക്ക്** | |
| കുരുമുളക് | 68,500 |
| നാളികേരം | 5100 |
| കൊപ്ര | 15200 |
| കൊട്ടടക്ക | 35,000-41,000 |
| കശുവണ്ടി | 13800 |
| **പൊതുവിപണി** | |
| പഞ്ചസാര | 4230.00 |
| വെളിച്ചെണ്ണ 10 Ltr | 3200.00 |
| ഓയിൽ 10 kg | 1400.00 |
| സൺഫ്ലവർ 10 kg | 1660.00 |
| എള്ളെണ്ണ | 2,400.00 |
| നല്ലെണ്ണ | 2350.00 |
| വെല്ലം (30 കിലോ) | 1560.00 |
| ഉഴുന്ന് (കിലോ) | 104.00 |
| മണിക്കടല (കിലോ) | 68.00 |
| മസൂർ യെല്ലോ (കിലോ) | 90 |
| പട്ടാണി (കിലോ) | 108 |
| ചെറുപയർ (കിലോ) | 100.00 |
| പരിപ്പ് | 10,300 |
| **അരി** | |
| ബോധന | 42.00 |
| കുറുവ (ആന്ധ്ര) | 33.00 |
| കുറുവ (തമിഴ്നാട്) | 38.50 |
| കുറുവ (ഒന്നാംതരം) | 40.00 |
| കുറുവ (രണ്ടാംതരം) | 39.00 |
| കുറുവ (മൂന്നാംതരം) | 3900.00 |
| സുരേഖ (ഫസ്റ്റ്) | 4550.00 |
| സുരേഖ (സെക്കന്റ്) | 46.00 |
| ജയ (ഫസ്റ്റ്) | 4550.00 |
| ജയ (സെക്കൻഡ്) | 41.00 |
| മട്ട (ഡബിൾ) | 4,650.00 |
| മട്ട (സിംഗിൾ) | 4,700.00 |
| പച്ചരി | 2900.00 |
| മല്ലി (കിലോ) | 131.00 |
| മുളക് (കിലോ) | 220.00 |
| മസൂർ യെല്ലോ (കിലോ) | 84.00 |
| മഞ്ഞൾ (കിലോ) | 175 |

### റബർ ബോർഡ് വില

| | |
|---|---|
| **കോട്ടയം** | |
| ആർ.എസ്.എസ് –4 | 28200 |
| ആർ.എസ്.എസ്–5 | 27700 |
| ഐ.എസ്.എൻ.ആർ-20 | 26550 |
| ലാറ്റക്സ് 60% drc) | 20340 |

Safa
GOLD & DIAMONDS
+91 8157 882 916

punjab national bank ...the name you can BANK upon!

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

## സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപന നോട്ടീസ്.**

താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ലോട്ട് നം. | ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും | വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ) | (എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി |
|---|---|---|---|
| 1 | ശാഖ: ARMB കോഴിക്കോട്<br>**M/s.പ്രൈഡ് മാർക്കറ്റിങ്**, (മാനേജിങ് പാർട്ണർ) ശ്രീ.അബ്ദുൾ സത്താർ പോരോളി, TP-VIII/362, തേഞ്ഞിപ്പാലം, 8, ചേളാരി, മലപ്പുറം - 673636, **ശ്രീ. അബ്ദുൾ സത്താർ പോരോളി** (മാനേജിങ് പാർട്ണർ) S/o. ശ്രീ. കോയമൊയ്തീൻ.പി, പോരോളി, ചെനക്കൽപറമ്പ് ഹൗസ്, ചെനക്കലങ്ങാടി, തേഞ്ഞിപ്പാലം പി.ഒ., മലപ്പുറം - 673636, **ശ്രീ. നജിമുദ്ദീൻ. എം** (പാർട്ണർ) S/o. മുഹമ്മദ് ഹാജി, പുള്ളിയറമ്പത്ത് ഹൗസ്, ചെനക്കലങ്ങാടി, തേഞ്ഞിപ്പാലം പി.ഒ., മലപ്പുറം - 673636, **ശ്രീ. സഹീർ പോരോളി** (പാർട്ണർ), S/o. കോയ മൊയ്തീൻ.പി, പോരോളി ഹൗസ്, ചെനക്കലങ്ങാടി പി.ഒ., മലപ്പുറം - 673636, **ശ്രീ. മുഹമ്മദ് ഷെരീഫ്. ടി** (പാർട്ണർ) S/o. മുഹമ്മദ് കുട്ടി, പടിക്കലക്കണ്ടി ഹൗസ്, വെളിമുക്ക് പി.ഒ., മലപ്പുറം - 676317, **ശ്രീ. അബ്ദുൾ സലാം. എം. കെ** (പാർട്ണർ) S/o. അലി, പാലപ്പെട്ടിയിൽ ഹൗസ്, പെരുവള്ളൂർ, പറമ്പിൽ പീടിക, മലപ്പുറം - 673636. | മലപ്പുറം ജില്ലയിൽ, തിരൂരങ്ങാടി താലൂക്കിൽ, ചെനക്കലങ്ങാടി തേഞ്ഞിപ്പാലം പി.ഒ., റീസർവ്വേ നം.394/9 ൽ പ്പെട്ട ശ്രീ.നജിമുദ്ദീൻ.എം പേരിലുള്ള 51.75 സെന്റ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** റോഡ് (മാതപ്പുഴ റോഡ്), **തെക്ക്:** അതേ വസ്തു (മുഹമ്മദ് ഹനീഫ & ഷറഫുദ്ദീൻ വക വീട്), **പടിഞ്ഞാറ്:** അതേ വസ്തു (മുഹമ്മദ് ഹാജിയുടെ ഒഴിഞ്ഞ വസ്തു), **വടക്ക്:** അബ്ദു റഹിമാൻ വക വസ്തു (അബ്ദു റഹിമാൻ വക വീട്) | (എ) 13(2) - 07-06-2021<br>(ബി) 31.08.2026ലെ രൂപ 81,68,348.47 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും<br>(സി) കൈവശ നോട്ടീസ് തീയതി: 18-04-2022<br>(ഡി) പ്രതീകാത്മക കൈവശം<br>(എ) കരുതൽ വില: രൂപ 113.40 ലക്ഷം<br>(ബി) നിരതദ്രവ്യം: രൂപ 11.34 ലക്ഷം<br>(സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം |
| | | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല | |

**ഇ – ലേല തീയതിയും സമയവും: 27-10-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ**

**നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 26-10-2026**

**വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി: 23-10-2026**

**ഇ – ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും:** വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപന ഓൺലൈൻ മുഖാന്തിരം **27-10-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**തീയതി: 08-10-2026, സ്ഥലം: കോഴിക്കോട്**

**(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ**